**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5204** **02-11-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ അദാലത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി സർക്കാർ സംസ്ഥാനതല ട്രാൻസ്ജെൻഡർ അദാലത്ത് നടത്തുകയുണ്ടായോ; വിശദമാക്കുമോ; | (എ) | ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന നീതിനിഷേധങ്ങളും അവകാശ ലംഘനങ്ങളും സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും, കുടുംബത്തിലും പൊതുസമൂഹത്തിലും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികൾ കടന്നുപോകുന്ന അതിക്രമ-ങ്ങൾക്ക് സർക്കാർ സംവിധാനത്തിന്റെ സാധ്യതകളുപയോഗിച്ച് പരിഹാരം കാണുന്നതിനുമായി സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2020 ജനുവരി 10 ന് സംസ്ഥാന തലത്തിൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു. |
| (ബി) | എന്തൊക്കെയായിരുന്നു അദാലത്തിൽ മുന്നോട്ട് വയ്ക്കപ്പെട്ട പ്രധാനപ്രശ്നങ്ങൾ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ട്രാൻസ്ജെൻഡർ വ്യക്തികൾ സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ സംബന്ധിച്ചും, സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റ ഭാഗമായി ഭവന പദ്ധതി ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നത് സംബന്ധിച്ചും, വിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ചും, ആരോഗ്യ മേഖലയിൽ കൂടുതൽ പരിഗണന ലഭ്യമാകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും, ഐ.ഡി.കാർഡ്, റേഷൻ കാർഡ് എന്നിവ ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ചും ഉള്ള പ്രശ്നങ്ങളാണ് അദാലത്തിൽ മുഖ്യമായും മുന്നോട്ടു വച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രശ്നങ്ങളുടെ ശാശ്വത പരിഹാരത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹെൽപ് ലൈൻ സംവിധാനം ഉറപ്പാക്കുന്നതിനൊപ്പം ക്രൈസിസ് ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ സാധ്യത |

| | | | |
|---|---|---|---|
| | | | പരിശോധിക്കാവുന്നതാണ്. നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര സാഹചര്യങ്ങളിൽ സഹായം ലഭ്യമാക്കുക, ലിംഗമാറ്റ ശസ്ത്രക്രിയക്ക് ശേഷം സംഭവിക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ടി വ്യക്തികൾക്ക് അടിയന്തര സഹായം ലഭ്യമാക്കുക, അസ്തിത്വത്തിന്റെ പേരിൽ വീടുകളിൽ നിന്നും പുറത്താക്കപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറുന്നതിനുള്ള സഹായം, വൈദ്യസഹായം, നിയമസഹായം, കൗൺസിലിംഗ് എന്നിവ ആവശ്യമാകുന്ന പക്ഷം ആയത് അനുവദിക്കുക, പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ, ഗുരുതര രോഗങ്ങൾ, പ്രകൃതിദുരന്തം തുടങ്ങിയ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോൾ അവയ്ക്ക് പരിഹാരം കണ്ടെത്തുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി 'കരുതൽ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ